സി.പി.ഐ പാർട്ടി കോൺഗ്രസ്: ലോഗോ രൂപകല്പനയ്ക്കായി കലാകാര സംഗമം

തിരുവനന്തപുരം: അടുത്തവർഷം ഏപ്രിൽ 25 മുതൽ 29 വരെ കൊല്ലത്ത് നടക്കുന്ന സി.പി.ഐ 23ാം പാർട്ടി കോൺഗ്രസിന്റെ ലോഗോ രൂപകല്പനയ്ക്കായി ഇന്ന് രാവിലെ 10.30 ന് കലാകാരന്മാരുടെ സംഗമം സംഘടിപ്പിക്കും. ജോയിന്റ് കൗൺസിൽ ഹാളിൽ നടക്കുന്ന സംഗമത്തിൽ കേരളത്തിൽ നിന്നുള്ള വിവിധ കലാകാരന്മാർ പങ്കെടുക്കും. സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

മദ്യനയത്തിനെതിരെ സെക്രട്ടേറിയറ്റ് ബഹുജന മാർച്ച്

തിരുവനന്തപുരം: സർക്കാരിന്റെ വികലമായ മദ്യനയം തിരുത്തുന്നതുവരെ സമരം നടത്തുമെന്ന് ലത്തീൻ കത്തോലിക്ക ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, വി.എം. സുധീരൻ എന്നിവർ സംയുക്ത വാർത്താസമ്മേളനത്തിൽ പറഞ്ഞു. 23ന് വിവിധ ബഹുജന സംഘടനകളെയും സമുദായസംഘടനകളെയും പുരോഹിതവിഭാഗങ്ങളെയും അണിനിരത്തി സെക്രട്ടേറിയറ്റിനുമുന്നിൽ ബഹുജന മാർച്ച് സംഘടിപ്പിക്കും. നിയമം കൈയിലെടുക്കാതെയുള്ള എല്ലാ പ്രതിഷേധമാർഗങ്ങളും ഉപയോഗിക്കും. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്നാവശ്യപ്പെടുമ്പോൾ സ്വസമുദായത്തിൽ ബോധവത്കരണം നടത്തി അവരെ ആദ്യം നന്നാക്കൂ എന്നു പരിഹസിക്കുകയാണ് സർക്കാർ. സ്വസമുദായത്തിൽ ബോധവത്കരണം നടത്തുന്നുണ്ട്. പക്ഷേ, ലഭ്യതകുറയാതെ അത് വിജയിക്കില്ല.

ബഹുജനപ്രക്ഷോഭത്തിൽ ക്ലിമിസ് ബാവ, ശിവഗിരിമഠം സ്വാമിമാർ, ഗാന്ധിസ്മാരകനിധി ഭാരവാഹികൾ, കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി എന്നിങ്ങനെ വിവിധവിഭാഗത്തിൽപ്പെട്ടവർ പങ്കെടുക്കുമെന്ന് വി.എം. സുധീരൻ പറഞ്ഞു. 23ന് രാവിലെ 10.30ന് മ്യൂസിയം ജംഗ്ഷനിൽ നിന്നു തുടങ്ങി സെക്രട്ടേറിയറ്റുവരെയാണ് മാർച്ച്.

കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി പുനഃസംഘടിപ്പിച്ച നാഷണൽ അഡ്വൈസറി കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട റിട്ട. പ്രൊഫസറും മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഒഫ് പെഡഗോഗിക്കൽ സെൻസസിന്റെ മുൻ മേധാവിയുമായ ഡോ. സെലിൻ പെരേര. തിരുവനന്തപുരം പുത്തൻതോപ്പ് സ്വദേശിയാണ്.

വീണ്ടും ലാസ്റ്റ് ഗ്രേഡ്

8.54 ലക്ഷം പേർക്ക് റെക്കാഡ് പരീക്ഷ

▸രാജൻ പുരക്കോട്

തിരുവനന്തപുരം: പി.എസ്.സിയിൽ 'കൊച്ചുതസ്തിക'യുടെ വലിയ പരീക്ഷാകാലം വരുന്നു. രണ്ടുഘട്ടമുള്ള കമ്പനി, ബോർഡ്, കോർപറേഷൻ ലാസ്റ്റ് ഗ്രേഡ് പരീക്ഷ 28ന് കഴിയുന്നതിന് പിന്നാലെ വിവിധ വകുപ്പുകളിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് പരീക്ഷ വരും.

കമ്പനി, ബോർഡ്, കോർപറേഷൻ പരീക്ഷയിൽ 11,84,328 പേരാണ് അപേക്ഷിച്ചതെങ്കിൽ ഇതിന് 8,54,811 പേരെത്തും. ഇവരെ ഒറ്റപരീക്ഷയ്ക്ക് ഇരുത്തിയാൽ അത് റെക്കാഡാണ്. ഹൈക്കോടതിവിധിക്കനുസരിച്ചായിരിക്കും പരീക്ഷ. ജനുവരിയിൽ പരീക്ഷ നടക്കും.

ആറ് ജില്ലകൾക്കായി കഴിഞ്ഞ 7ന് നടന്ന കമ്പനി, ബോർഡ്, കോർപറേഷൻ ലാസ്റ്റ് ഗ്രേഡിന്റെ ഒന്നാം ഘട്ടത്തിൽ നാല് ലക്ഷത്തോളം പേരാണ് പരീക്ഷയെഴുതിയത്. ശേഷിച്ച ജില്ലകളിലെ 5,87,608 പേർക്കുവേണ്ടിയാണ് 28 ലെ രണ്ടാംഘട്ടം. രണ്ടുഘട്ടത്തിനും വെവ്വേറെയാണ് കട്ട് ഓഫ് മാർക്ക്. ഇത് ഏകീകരിച്ചായിരിക്കും ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുക.

കഴിഞ്ഞ ജൂൺ 17ന് ആരംഭിച്ച എൽ.ഡി.സി പരീക്ഷ ആഗസ്റ്റ് 26ന് അവസാനിച്ചതോടെ വിവിധവകുപ്പുകളുടെ ലാസ്റ്റ് ഗ്രേഡ് പരീക്ഷ സെപ്തംബറിൽ നടത്താനായിരുന്നു പി.എസ്.സി തീരുമാനം. എന്നാൽ തസ്തികയുടെ യോഗ്യത പരിഷ്കരിച്ച് തങ്ങൾക്ക് അവസരം നിഷേധിച്ചെന്നു കാട്ടി ഡിഗ്രിക്കാർ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ഏഴാം ക്ലാസുകാർക്കുള്ള ഉദ്യോഗം തട്ടിയെടുക്കുന്നതിനാലാണ് ഡിഗ്രിക്കാർക്ക് പി.എസ്.സി വിലക്കേർപ്പെടുത്തിയത്. ലാസ്റ്റ് ഗ്രേഡിന്റെ റാങ്ക് ലിസ്റ്റിൽ എപ്പോഴും മുന്നിലെത്തുക ഉയർന്ന യോഗ്യതക്കാരാണ്. ഇവരിലധികവും ജോലിയിൽ പ്രവേശിക്കില്ല. തസ്തികമാറ്റം വഴി 10 ശതമാനം പേർ മറ്റ് ജോലിയിലേക്ക് മാറും. ഇതും കണക്കിലെടുത്താണ് ബിരുദധാരികളെ വിലക്കിയത്. കോടതിയുടെ സ്റ്റേ ഇല്ലാത്തതിനാൽ തയ്യാറെടുപ്പു നടത്താൻ പരീക്ഷാ കൺട്രോൾ വിഭാഗത്തോട് പി.എസ്.സി നിർദ്ദേശിച്ചിരിക്കുകയാണ്.

ഡിഗ്രിക്കാരുടെ പ്രതീക്ഷ

- കോടതി വിധി അനുകൂലമായാൽ അപേക്ഷിക്കാൻ പ്രത്യേക അവസരം
- ഡിഗ്രിക്കാർക്ക് മാത്രമായി പി.എസ്.സി സപ്ലിമെന്ററി പരീക്ഷ നടത്തേണ്ടി വരും
- ഏഴാം ക്ലാസ് നിലവാരത്തിലായിരിക്കും സപ്ലിമെന്ററി പരീക്ഷയും
- രണ്ട് പരീക്ഷയുടെയും ഫലങ്ങൾ ഏകീകരിച്ചായിരിക്കും റാങ്ക് ലിസ്റ്റ്

KAUMUDI SPECIAL

ഏപ്രിൽ / മേയിൽ പുതിയ റാങ്ക് ലിസ്റ്റ്

- പതിനയ്യായിരത്തിലേറെ പേർക്ക് ജോലി സാദ്ധ്യത
- നിലവിലുള്ള റാങ്ക് ലിസ്റ്റ് 2018 ജൂൺ 29 വരെയുണ്ട്
- ഈ ലിസ്റ്റിൽ നിന്ന് 5065 പേരെയാണ് നിയമിച്ചത്
- ഏഴായിരത്തോളം പേർക്കു കൂടി സാദ്ധ്യത

ഗവ. കരാറുകാരുടെ സെക്രട്ടേറിയറ്റ്
മാർച്ച്
2017 ഒക്ടോബർ 12
ആൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ
കേരള ഗവ. കോൺട്രാക്ടേഴ്സ് ഫെഡറേഷൻ
സിന്ദാബാദ്

ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുക, നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുക, ചെറുകിട കരാറുകാരെ സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഗവൺമെന്റ് കരാറുകാരുടെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച്

340 കോടി രൂപയുടെ സൗജന്യ ചികിത്സ ചരിത്രത്തിലാദ്യം: മന്ത്രി ടി.പി. രാമകൃഷ്ണൻ

കൊല്ലം: കശുഅണ്ടി മേഖലയിലടക്കം സംസ്ഥാന ചരിത്രത്തിലാദ്യമായി 340 കോടി രൂപയുടെ സൗജന്യ ചികിത്സ തൊഴിലാളികൾക്ക് ഒറ്റവർഷം കൊണ്ട് നൽകാനായത് സർക്കാരിന്റെ സുപ്രധാന നേട്ടമാണെന്ന് തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കായി കേരള കശുഅണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തിയ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കശുഅണ്ടി വികസന കോർപറേഷന്റെ കൊട്ടിയം ഫാക്ടറിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സമ്മേളനത്തിൽ ഇൻഷ്വറൻസ് കാർഡുകൾ വിതരണം ചെയ്താണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. അർഹതയുള്ള എല്ലാവരെയും കുടുംബസമേതമാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എച്ച്.ഐ.വി ബാധിതരായ തൊഴിലാളികളെക്കൂടി പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. 60 വയസിലധികം പ്രായമുള്ളവർക്ക് ആനുകൂല്യം 60,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. സർക്കാർ 18 ഇ.എസ്.ഐ ഡിസ്പെൻസറികൾ തുടങ്ങാൻ തീരുമാനിച്ചെങ്കിലും ഇ.എസ്.ഐ കോർപറേഷൻ സഹകരിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു.

കശുഅണ്ടി മേഖലയിൽ ഇനി എല്ലാ ഫാക്ടറികളും പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മ പറഞ്ഞു.

എൻ.കെ. പ്രേമചന്ദ്രൻ എം.പി, എം. നൗഷാദ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജഗദമ്മ, കശുഅണ്ടി വികസന കോർപറേഷൻ ചെയർമാൻ എസ്. ജയമോഹൻ, കാപ്പക്സ് ചെയർമാൻ എസ്. സുദേവൻ, ജില്ലാ പഞ്ചായത്തംഗം എസ്. ഫത്തഹുദീൻ, മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽ. ലക്ഷ്മണൻ, കശുഅണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ചെയർമാൻ മുരളി മടന്തകോട്, സി.ഇ.ഒ ബിച്ചു ബാലൻ, ബോർഡംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കായി കേരള കശുഅണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തിയ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ടി.പി. രാമകൃഷ്ണൻ നിർവഹിക്കുന്നു

അക്ഷരമറിയാൻ ആപ്പ് വിദ്യ

▸വി. ശ്രീലക്ഷ്മി

കോഴിക്കോട്: അക്ഷരത്തെറ്റില്ലാതെ ഇംഗ്ലീഷും മലയാളവും എഴുതാനും സ്ഫുടതയോടെ വായിക്കാനും വിദ്യാർത്ഥികളെ സഹായിക്കാൻ 'ഇലകൾ പച്ച' മൊബൈൽ ആപ്പ് റെഡി. കോഴിക്കോട് എൻ.ഐ.ടിയിൽ നിന്ന് പുറത്തിറങ്ങിയ യുവ എൻജിനിയർമാരായ മനോജ്, കിരൺ, ശ്രീറാം എന്നിവരാണ് ഈ ആശയത്തിനു പിന്നിൽ. ഇവരുടെ സ്റ്റാർട്ടപ്പ് സംരംഭമായ വേദ്‌വിസ്താരയുടെ ബാനറിൽ അസമ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിലാണ് ആപ്പ് വികസിപ്പിച്ചിരിക്കുന്നത്.

ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ബീന ജോർജിന്റെ സഹായത്തോടെയാണ് ഇലകൾ പച്ചയിലെ സിലബസ് തയ്യാറാക്കിയത്.

എൽ.കെ.ജി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ശബ്ദോച്ചാരണത്തിലൂടെ ഇംഗ്ലീഷ്, മലയാളം അക്ഷരങ്ങൾ എളുപ്പത്തിൽ പഠിക്കാൻ 'ഇലകൾ പച്ച'യിലൂടെ സാധിക്കും. മടുപ്പുളവാക്കുന്ന സ്ഥിരം രീതികളിൽ നിന്ന് വ്യത്യസ്തമായി രസകരമായാണ് പഠനമെന്നും അസമ ചാരിറ്റബിൾ ട്രസ്റ്റ്, ട്രസ്റ്റി എസ്. മനോജ് കുമാർ പറയുന്നു. 2011 മുതൽ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാവുന്ന തരത്തിൽ ആപ് ലഭ്യമായിരുന്നെങ്കിലും മൊബൈൽ പതിപ്പ് കൈവന്നതോടെയാണ് കൂടുതൽ പ്രചാരം ലഭിച്ചു തുടങ്ങിയത്.

ആപ്പിന്റെ രൂപകല്പനയിൽ പങ്കാളിയായ മനോജ്

ILAKAL PACHA

ഇലകൾ പച്ച ആപ്പിന്റെ ലോഗോ

ഇലകൾ പച്ച

- സ്പെല്ലിംഗ് പഠനത്തിനായി വികസിപ്പിച്ച നാല് പാഠപുസ്തകങ്ങൾ അടങ്ങുന്ന
- ഒരിക്കൽ ഇൻസ്റ്റാൾ ചെയ്താൽ ഇന്റർനെറ്റ് ഇല്ലാതെ ഉപയോഗിക്കാം

വിളംബരം

ആലപ്പി- ധൻബാദ് ഇന്ന് പുറപ്പെടാൻ വൈകും

തിരുവനന്തപുരം: ഇന്ന് രാവിലെ ആറിന് ആലപ്പുഴയിൽ നിന്ന് പുറപ്പെടേണ്ട ധൻബാദ് എക്സ്പ്രസ് രണ്ടരമണിക്കൂർ വൈകി 8.30 നായിരിക്കും പുറപ്പെടുക.

കിറ്റ്സിൽ കോഴ്സുകൾ

തിരുവനന്തപുരം: ടൂറിസം വകുപ്പിനു കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിന്റെ തിരുവനന്തപുരം, കൊച്ചി കാമ്പസുകളിൽ നവംബറിൽ ആരംഭിക്കുന്ന എയർപോർട്ട്, ലോജിസ്റ്റിക്സ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു, ഡിഗ്രി അവസാനവർഷ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. പ്ലേസ്‌മെന്റ് സാധ്യതയുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 9567869722.

ഏജന്റുമാരെ നിയമിക്കുന്നു

തിരുവനന്തപുരം : മുരല്യ ഡയറിയുടെ പൂർണമായും യന്ത്രവൽകൃത പ്ലാന്റിൽ നിന്നും, ഇന്ത്യയിലാദ്യമായി പെറ്റ് ബോട്ടിലിലും കവറിലും ലഭ്യമാക്കുന്ന ഗുണമേന്മയുള്ള പശുവിൻ പാൽ, തൈര്, നെയ്യ്, ഫ്ലേവേഡ് മിൽക്ക്, ഫ്രൂട്ട് യോഗർട്ട്, ടെട്രാപാക്ക്ഡ് മിൽക്ക് തുടങ്ങിയ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഏജന്റുമാരെ നിയമിക്കുന്നു. മറ്റ് ബ്രാൻഡുകളിലുള്ള ക്ഷീരോത്പന്നങ്ങൾ വില്പന നടത്താത്തവരും സൗകര്യപ്രദമായ കച്ചവട സ്ഥാപനം ഉള്ളവർക്കും അപേക്ഷിക്കാം. ഏജന്റുമാർക്കാവശ്യമായ ബ്രാൻഡിംഗ് പിന്തുണ മുരല്യ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 9387151053, 0471-2557788.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: രാജീവ്ഗാന്ധി സംസ്ഥാന ഉപഭോക്തൃ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യവകുപ്പ്, പൊതുവിതരണവകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും. അപേക്ഷകൾ 25ന് മുൻപ് സ്പെഷ്യൽ സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 ൽ ലഭിക്കണം.

ഡി.ഫാം പരീക്ഷ നവംബർ 22 മുതൽ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ഫാം പാർട്ട് ഒന്ന് (റഗുലർ) പരീക്ഷ വിവിധ ഫാർമസി കോളേജുകളിൽ നവംബർ 22 മുതൽ നടത്തും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ട അപേക്ഷകർ നിശ്ചിത തുകയ്ക്കുള്ള ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ 23 നകം ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ 25 നകം ചെയർപേഴ്സൺ, ബോർഡ് ഓഫ് ഡി.ഫാം എക്സാമിനേഷൻസ്, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം-11 എന്ന വിലാസത്തിൽ ലഭിക്കണം. അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി ബുക്കിന്റെ പേര് സാക്ഷ്യപ്പെടുത്തുന്ന പകർപ്പ് വയ്ക്കണം. വിശദവിവരങ്ങൾ www.dme.kerala.gov.in ൽ ലഭിക്കും.

ഡെപ്യൂട്ടേഷൻ ഒഴിവ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ തിരുവനന്തപുരത്തെ വികാസ് ഭവൻ സമുച്ചയത്തിലെ ഓഫീസിൽ 25,000 -54,000 രൂപ ശമ്പള സ്കെയിലിൽ ഒരു ഓഫീസ് അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാൻ സമാന തസ്തികയിലുള്ള ജീവനക്കാർ മേലധികാരി മുഖേന ഒരു മാസത്തിനുള്ളിൽ അപേക്ഷിക്കണം. ക്യാഷ്, അക്കൗണ്ട്സ് എന്നിവയിൽ പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 -2301167. ഇമെയിൽ : directorksrec.@yahoo.in.

വിചാരണ മാറ്റിവച്ചു

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ ഗോത്ര വർഗ കമ്മീഷൻ 16 ന നടത്താൻ നിശ്ചയിച്ചിരുന്ന കേസുകളുടെ വിചാരണ മാറ്റിവച്ചു.

ഓപ്ഷൻ രജിസ്ട്രേഷൻ

ഡി.ഫാം, ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ, മറ്റു പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷിച്ചവർക്ക് കോളേജ് ഓപ്ഷനുകൾ www.lbscentre.in ൽ 16 വൈകിട്ട് അഞ്ച് മണി വരെ നൽകാം. സർക്കാർ അലോട്ട്മെന്റിന് കരാറിൽ ഏർപ്പെട്ടിട്ടുള്ള കോളേജുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഫോൺ: 0471 2560362, 63, 64, 65.

പത്താംതരം തുല്യതാ പരീക്ഷാസെന്ററുകൾ

പത്താംതരം തുല്യതാ പരീക്ഷയ്ക്ക് പത്തിൽ താഴെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷാ കേന്ദ്രങ്ങൾ ഒഴിവാക്കി ഇവിടങ്ങളിൽ രജിസ്റ്റർ ചെയ്തവരെ സമീപത്തെ പരീക്ഷാ സെന്ററുകളിലേക്ക് മാറ്റിയിട്ടുണ്ട്. ഒഴിവാക്കിയ പരീക്ഷാകേന്ദ്രങ്ങളുടെയും ഇവിടങ്ങളിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് അനുവദിച്ച പുതിയ കേന്ദ്രങ്ങളുടെയും വിവരം www.keralapareekshabhavan.in ൽ ലഭിക്കും.

പ്രോജക്ട് ഫെലോ

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2018 ജൂൺ 30 വരെ കാലാവധിയുള്ള സമയബന്ധിത ഗവേഷണ പദ്ധതിയായ കോംപീറ്റൻസ് ബിൽഡിംഗ് ഓൺ അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ ആൻഡ് മെയ്ന്റെനൻസ് ഒഫ് സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ യൂണിറ്റിൽ ഒരു പ്രോജക്ട് ഫെലോയുടെ താത്കാലിക ഒഴിവിലേക്ക് നിയമിക്കുന്നതിന് 23 ന് രാവിലെ 10 മണിക്ക് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലെ ഓഫീസിൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.kfri.res.in ൽ ലഭ്യമാണ്.

പി.എസ്.സി
www.keralapsc.gov.in

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 11/2015 പ്രകാരം തൃശ്ശൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയ്ക്ക് 04.02.2017 ൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ യോഗ്യരായ മുഖ്യപട്ടികയിലെയും ഈഴവ സപ്ലിമെന്ററി പട്ടിക രജിസ്റ്റർ നമ്പർ 100001 മുതൽ 100590 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് 13, 25, 26, 27 തീയതികളിൽ തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസിലും കാറ്റഗറി നമ്പർ 212/2014 പ്രകാരം കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു.പി സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം - തസ്തികമാറ്റം വഴി) തസ്തികയ്ക്ക് 13ന് പി.എസ്.സി എറണാകുളം മേഖലാ ഓഫീസിലും കാറ്റഗറി നമ്പർ 204/2014 പ്രകാരം കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ചുറൽ സയൻസ്- തസ്തികമാറ്റം വഴി) തസ്തികയ്ക്ക് 25ന് പി.എസ്.സി എറണാകുളം മേഖലാ ഓഫീസിലും കാറ്റഗറി നമ്പർ 243/2016 പ്രകാരം തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 (പട്ടികവർഗം മാത്രം) തസ്തികയ്ക്ക് 21.06.2017 ൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് 26 ന് പി.എസ്.സി തിരുവനന്തപുരം ആസ്ഥാന ഓഫീസിലും ഇന്റർവ്യൂ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ പ്രൊഫൈൽ സന്ദർശിക്കുക.

ഓൺലൈൻ പരീക്ഷ

ഹാൻടെക്സിൽ വീവിംഗ് മാസ്റ്റർ- ജനറൽ കാറ്റഗറി (21/2016), സൊസൈറ്റി കാറ്റഗറി (22/2016) തസ്തികകളിലേക്ക് 24 ന് രാവിലെ 10 മുതൽ 12.15 വരെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് പരീക്ഷാകേന്ദ്രങ്ങളിലും ഉച്ചയ്ക്ക് 12 മുതൽ 2.15 വരെ എറണാകുളം പരീക്ഷാകേന്ദ്രത്തിലും നടത്തുന്ന ഓൺലൈൻ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഒ.ടി.ആർ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 91/2015 പ്രകാരം കോട്ടയം ജില്ലയിൽ ഹോമിയോപ്പതി വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 (ഹോമിയോ) തസ്തികയ്ക്ക് 13,17 തീയതികളിൽ (മുൻപ് 16.10.2017 ന് നടത്താൻ നിശ്ചയിച്ചിരുന്ന സർട്ടിഫിക്കറ്റ് പരിശോധന 17.10.2017 ലേക്ക് മാറ്റിയിട്ടുണ്ട്) പി.എസ്.സി കോട്ടയം ജില്ലാ ഓഫീസിലും കാറ്റഗറി നമ്പർ 12/2016 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ (സിദ്ധ) തസ്തികയ്ക്ക് 19,20,23 തീയതികളിൽ തിരുവനന്തപുരം പി.എസ്.സി ആസ്ഥാന ഓഫീസിലും ഒറ്റത്തവണ വെരിഫിക്കേഷൻ നടത്തും.

കൂട്ടിച്ചേർക്കൽ വിജ്ഞാപനം

29.04.2017 ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച എക്സൈസ് വകുപ്പിലെ സിവിൽ എക്സൈസ് ഓഫീസർ/ വനിതാ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 65/2017, 67/2017) തസ്തികകളിലേക്ക് പ്രസ്തുത വിജ്ഞാപനത്തിലെ സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾക്കൊപ്പം 27.09.2017 ലെ സ.ഉ. (എം.എസ്.)82/2017/നി.വ. നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ കാളികാവ്, അരീക്കോട് എന്നീ ബ്ലോക്കുകളിലെ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങൾക്കും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ മോസ്റ്റ് പ്രിമിറ്റിവ് ഗ്രൂപ്പിൽ ഉൾപ്പെട്ടവർക്കും ടി തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഒക്ടോബർ 25 വരെ അനുവദിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകളിൽ മാറ്റമില്ല.

സർവകലാശാല വാർത്തകൾ

കേരള

www.keralauniversity.ac.in

പ്രാക്ടിക്കൽ പരീക്ഷ

നാലാം സെമസ്റ്റർ ബി.പി.എ വോക്കൽ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 16 മുതൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

പരീക്ഷകൾക്ക് അപേക്ഷിക്കാം

കേരള സർവകലാശാലയുടെ പഠനവകുപ്പുകളിൽ നവംബർ ഏഴിനു തുടങ്ങുന്ന മൂന്നാം സെമസ്റ്റർ (2016 -2018) എം. എ, എം. സ് സി, എം. കോം, എം. സി. ജെ, എം. എസ്. ഡബ്ല്യൂ, എം.എൽ.ഐ.എസ്‌സി, എം.എഡ് പരീക്ഷക്ക് ഫൈനില്ലാതെ 24 നും 50 രൂപ ഫൈനോടുകൂടി 26നും 125 രൂപ ഫൈനോടുകൂടി 30 വരെയും ഫീസടച്ച് അപേക്ഷിക്കാം.

ക്വിസ് മത്സരം

കേരള സർവകലാശാലയുമായി അഫിലിയേഷനുള്ള കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളിലെയും വിദ്യാർത്ഥികൾക്കായി ഡിപ്പാർട്ട്മെന്റ് ഒഫ് സ്റ്റുഡന്റ്സ് സർവീസസ്, ഡോക്ടർ കെ.എൻ പൈ മെമ്മോറിയൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഓരോ സ്ഥാപനത്തിൽ നിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. താല്പര്യമുള്ളവർ 25നോ അതിനുമുൻപായോ dsskeralauty@gmail.com എന്ന ഇ-മെയിൽ ഐഡിയിൽ അതത് പ്രിൻസിപ്പൽ/എച്ച്.ഒ.ഡിയുടെ ഇമെയിൽ ഐഡിയിൽ നിന്ന് രജിസ്റ്റർ ചെയ്യണം.

പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി. കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) പ്രാക്ടിക്കൽ പരീക്ഷ 24 മുതൽ അതത് സെന്ററുകളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ടൈംടേബിൾ

ബാച്ചലർ ഒഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) അഞ്ച്, ഏഴ് സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആൻഡ് മെഡിറ്റേഷൻ - ഈവനിംഗ് കോഴ്സിന് 21 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. വിശദവിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലെ സി.എ. സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471-2302523.

കാലിക്കറ്റ്

www.universityofcalicut.info

സർട്ടിഫിക്കറ്റുകൾ, ടി.സി തിരികെ ലഭിക്കുന്നതിന്

വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ പ്രവേശനം നേടുന്ന സമയത്ത് ഹാജരാക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനും അദ്ധ്യയനം പൂർത്തിയാക്കിയവർക്ക് ടി.സി തപാൽ മാർഗം ലഭിക്കുന്നതിനും പ്രവേശന/ടി.സി അപേക്ഷയോടൊപ്പം 50 രൂപ ചെലാൻ സമർപ്പിക്കണം. ഫീ ഓൺലൈനായോ ചെലാൻ കൗണ്ടറിലോ അടയ്ക്കാം. ഓൺലൈനായി അടയ്ക്കുന്നതിന് സർവകലാശാലാ വെബ്സൈറ്റിലെ ഡിസ്റ്റൻസ് എഡ്യുക്കേഷൻ ലിങ്ക് സന്ദർശിക്കണം. ഫോൺ: 0494 2407356,

എം.സി.എ പ്രവേശന കൗൺസലിംഗ്

എം.സി.എ പ്രവേശന കൗൺസലിംഗ് 13-ന് രാവിലെ 10.30-ന് സർവകലാശാലാ കാമ്പസിലെ സി.സി.എസ്.ഐ.ടിയിൽ നടക്കും. സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും സഹിതം ഹാജരാകണം. ഫോൺ: 0494 2407422.

പി.ജി സീറ്റ് ഒഴിവ്

ഹിന്ദി പഠനവകുപ്പിൽ എം.എ ഹിന്ദിക്ക് എൽ.സി (ഒന്ന്), ബി.പി.എൽ (ഒന്ന്), എസ്.സി (ഒന്ന്), എസ്.ടി (രണ്ട്) വിഭാഗങ്ങളിലെ ഒഴിവിലേക്ക് 13-ന് രാവിലെ 11 മണിക്ക് പ്രവേശനം നടത്തും. ക്യാപ് രജിസ്ട്രേഷനുള്ള അപേക്ഷകർ സർട്ടിഫിക്കറ്റുകൾ സഹിതം പഠനവകുപ്പിൽ ഹാജരാകണം.

ഹിന്ദി പഠനവകുപ്പിൽ എം.എ ഫംഗ്ഷണൽ ഹിന്ദിക്ക് ഓപ്പൺ (നാല്), മുസ്‌ലിം (ഒന്ന്), ബി.പി.എൽ (ഒന്ന്), ഒ.ബി.എച്ച് (ഒന്ന്), എസ്.സി (ഒന്ന്), എസ്.ടി (ഒന്ന്) വിഭാഗങ്ങളിലെ ഒഴിവിലേക്ക് 13-ന് രാവിലെ 11 മണിക്ക് പ്രവേശന നടത്തും. ക്യാപ് രജിസ്ട്രേഷനുള്ള അപേക്ഷകർ സർട്ടിഫിക്കറ്റുകൾ സഹിതം പഠനവകുപ്പിൽ ഹാജരാകണം.

വിമൺ സ്റ്റഡീസ് പഠനവകുപ്പിൽ എം.എ/എം.എസ്.സി (രണ്ട്), ജനറൽ (ഒന്ന്) വിഭാഗങ്ങളിൽ ഒഴിവുണ്ട്. സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും സഹിതം 19-ന് പഠനവകുപ്പിൽ ഹാജരാകണം. എസ്.സി വിഭാഗത്തിന്റെ അഭാവത്തിൽ നിയമാനുസൃതം മറ്റ് വിഭാഗങ്ങളെ പരിഗണിക്കും.

പരീക്ഷ റദ്ദാക്കി

ഒക്ടോബർ മൂന്ന്, നാല്, ആറ് തീയതികളിൽ നടത്തിയ കോളേജ്/ വിദൂരവിദ്യാഭ്യാസം/ പ്രൈവറ്റ്-യൂണിഫൈഡ് രണ്ടാം സെമസ്റ്റർ ബി.എ /ബി.എസ്‌സി/ബി.എസ്‌സി ആൾട്ടർനേറ്റ് പാറ്റേൺ/ബി.എം.എം.സി /ബി.ടി.എഫ്.പി/ ബി.സി.എ/ ബി.എസ്.ഡബ്ല്യൂ/ബി.വി.സി/ബി.എ അഫ്സൽ-ഉൽ-ഉലമ (സി.യു.സി.ബി.സി.എസ്.എസ്) റഗുലർ/ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾ റദ്ദ് ചെയ്തു. അവ യഥാക്രമം നവംബർ എട്ട്, ഒമ്പത്, പത്ത് തിയതികളിൽ നടക്കും. സമയം ഉച്ചക്ക് 1.30 മുതൽ 4.30 വരെ. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

വൈവാ വോസി

വിദൂരവിദ്യാഭ്യാസം പ്രീവിയസ് എം.എ ഇംഗ്ലീഷ് ഏപ്രിൽ 2017 പരീക്ഷയുടെ വൈവാ വോസി 30 മുതൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിലും (സൗത്ത് സോൺ), കോഴിക്കോട് സെന്റ് ജോസഫ്സ് കോളേജിൽ (നോർത്ത് സോൺ) നടക്കും. ഷെഡ്യൂൾ വെബ്സൈറ്റിൽ.

പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.എസ് സി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ്/കളിനറി ആർട്സ് (സി.യു.സി.ബി.സി.എസ്.എസ്) റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷ 20-ന് ആരംഭിക്കും.

പരീക്ഷാഫലം

ആറാം സെമസ്റ്റർ ബി.കോം/ബി.ബി.എ (സി.സി.എസ്.എസ്) ഏപ്രിൽ 2016 സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 2012, 2013 പ്രവേശനം (എം, എൻ) സീരീസ് വിദ്യാർത്ഥികൾ ഓൺലൈനിലും മറ്റുള്ളവർ സാധാരണ ഫോമിലും 24-നകം അപേക്ഷിക്കണം.

പുനർമൂല്യനിർണയ ഫലം

നാലാം സെമസ്റ്റർ ബി.എസ് സി (സി.യു.സി.ബി.സി.എസ്.എസ്) ഏപ്രിൽ 2016 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ.

എം.ജി

www.mgu.ac.in

പി.ജി: സപ്ലിമെന്ററി അലോട്ട്മെന്റ്

ഏകജാലകം വഴി 2017ൽ ബിരുദാനന്തരബിരുദ പ്രവേശനത്തിന് സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തും. ഇതിനായി നാളെ വരെ പുതുതായി ഓപ്ഷൻ നൽകാം.

പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.എച്ച്.എ (പുതിയ സ്കീം, 2015 അഡ്മിഷൻ റഗുലർ, 2011- 2014 അഡ്മിഷൻ സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.പി.എച്ച് (2015 അഡ്മിഷൻ റഗുലർ & 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 8ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും.

തൊടുപുഴ യൂണിവേഴ്സിറ്റി കോളേജ് ഒഫ് എൻജിനിയറിംഗ്, പുല്ലരിക്കുന്ന് സ്റ്റാസ് എന്നിവിടങ്ങളിലെ നാലും രണ്ടും സെമസ്റ്റർ ബി.ടെക് (2015 മുതൽ അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം 30, 31 എന്നീ തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടയ്ക്കണം.

നാലാം സെമസ്റ്റർ എം.എസ്‌സി സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി (2015 അഡ്മിഷൻ റഗുലർ ആൻഡ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 17 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും.

പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എം.കോം റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം.

വൈവാവോസി

രണ്ടാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെന്റ് പരീക്ഷയുടെ - ഇന്റേൺഷിപ്പ് വിത്ത് പ്രോജക്ട് - 1 വൈവാവോസി പരീക്ഷ - 23ന് രാവിലെ 9.30ന് മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ നടത്തും. എറണാകുളം സെന്റ് ആൽബെർട്സ് കോളേജിലെ സപ്ലിമെന്ററി വിദ്യാർത്ഥികൾ വൈവാവോസി പരീക്ഷയ്ക്ക് മാറമ്പള്ളി എം.ഇ.എസ് കോളേജിൽ ഹാജരാകണം.